**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 886** **02-02-2026 - ൽ മറുപടിയ്ക്ക്**

**ഉമ്പർനാട് പട്ടികജാതി ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മാവേലിക്കര ഉമ്പർനാട് പട്ടികജാതി ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിയ്ക്കുന്ന മാവേലിക്കര ഐ റ്റി ഐ യിൽ ഇലക്ട്രോണിക്സ് മെക്കാനിക് എന്ന ദ്വിവത്സര കോഴ്സിലും, വുഡ് വർക്ക് ടെക്നീഷ്യൻ എന്ന ഏകവത്സര കോഴ്സിലുമാണ് നിലവിൽ പരിശീലനം നല്കി വരുന്നത്. പ്രസ്തുത കോഴ്സുകളോടൊപ്പം ഇലക്ട്രീഷ്യൻ എന്ന ദ്വിവത്സര കോഴ്സ് കൂടി പുതിയതായി ആരംഭിയ്ക്കുന്നതിനുള്ള പ്രൊപോസൽ, വിഭവ സമാഹരണത്തിന് ബുദ്ധിമുട്ടുകൾ നേരിട്ട് കൊണ്ടിരിക്കുന്ന നിലവിലെ സാഹചര്യത്തിൽ ആവർത്തന സ്വഭാവമുള്ളതും അധിക ബാധ്യത സൃഷ്ടിക്കുന്നതുമായിട്ടുള്ള പ്രസ്തുത ശിപാർശ തൽക്കാലം പരിഗണിക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ പുതുക്കിയ ശിപാർശ സമർപ്പിക്കുവാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഐ.ടി.ഐയിലെ കെട്ടിടത്തിന്റെ രണ്ടാം നിലയുടെ പൂർത്തീകരണത്തിന് തുക അനുവദിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മാവേലിക്കര ഐ റ്റി ഐയ്ക്ക് വേണ്ടി മൂന്ന് നിലകളോട് കൂടിയ (ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില, രണ്ടാം നില) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 200 ലക്ഷം രൂപ അനുവദിക്കുകയും ടി തുക പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച്, മാവേലിക്കര ഐ റ്റി ഐയുടെ പുതിയ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണവും ഒന്നാം നിലയുടെ സ്ട്രെച്ചറൽ വർക്കു നിലവിൽ പൂർത്തിയായിട്ടുണ്ട്. നിർമ്മാണം പൂർത്തികരിച്ചിട്ടുള്ള ഗ്രൗണ്ട് ഫ്ലോറിൽ, ഒരു ഓഫീസ് റൂം, ഒരു സ്റ്റാഫ് റൂം, ഒരു പ്രാക്ടിക്കൽ ഹാൾ, ടോയിലറ്റുകളോട് കൂടിയ ശുചിമുറി, ഒരു ടോയിലറ്റുള്ള ശുചിമുറി, രണ്ട് സ്റ്റെയർമുറികൾ എന്നിവ ഉൾപ്പെടുന്നുണ്ട്. സ്ട്രെച്ചറൽ വർക്ക് പൂർത്തീകരിച്ചിട്ടുള്ള ഒന്നാമത്തെ നിലയിൽ മൂന്ന് ക്ലാസ്സ് മുറികളുടെയും, ഒരു പ്രാക്ടിക്കൽ ഹാളിന്റെയും, സ്റ്റയർമുറികൾ, ശുചിമുറികൾ |

| | | | |
|---|---|---|---|
| | | | എന്നിവയുടെ നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 2 കോടി രൂപയുടെ എസ്റ്റിമേറ്റ് റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ആയിരുന്നതിനാൽ സോയിൽ ടെസ്റ്റ് ചെയ്ത് വിശദമായ എസ്റ്റിമേറ്റ് എടുത്തപ്പോൾ സ്ട്രെച്ചറൽ ഡിസൈനിൽ വന്ന മാറ്റവും, കെട്ടിടത്തിന്റെ DSR റേറ്റ് ഉയർന്നതിനാലും, 18% GST നിരക്കും വന്നതിനാൽ ഒന്നാം നിലയുടെയും, രണ്ടാം നിലയുടെയും ബാലൻസ് വർക്കുകൾക്കുള്ള 2,13,52,000/- രൂപയുടെ എസ്റ്റിമേറ്റ് പ്രാകരമുള്ള തുക അനുവദിക്കുന്നതിനുള്ള പ്രപ്പോസൽ അടുത്ത സാമ്പത്തിക വർഷത്തെ പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തുവാൻ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ